പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5418 | 31.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടി ജീവനക്കാർക്ക് ശമ്പള വർദ്ധനവ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഐ.സി.ഡി.എസ് പ്രോജക്ടിനു കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടി ജീവനക്കാർക്ക് അനുവദിച്ച ശമ്പള വർദ്ധനവ് പ്രസ്തുത ജീവനക്കാർക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ; പ്രസ്തുത ജീവനക്കാർക്ക് എന്നു മുതൽ വർദ്ധിപ്പിച്ച വേതനം നൽകുമെന്ന് അറിയിക്കാമോ? | (എ) & (ബി) 25.02.2016 ലെ സ.ഉ(എം.എസ്) നം.21/2016/സാനീവ പ്രകാരം അംഗൻവാടി വർക്കമാരുടെ പ്രതിമാസ ഓണറേറിയം 10,000/-രൂപ (പതിനായിരം രൂപ മാത്രം) യായും അംഗൻവാടി ഹെൽപ്പറുടെ ഓണറേറിയം 7,000/- രൂപ (ഏഴായിരം രൂപ മാത്രം)യായും വർദ്ധിപ്പിക്കുന്നതിനും 16.02.2016 ലെ സ.ഉ (സാധാ) നം.636/2016/തസ്വഭവ, 25.02.2016 ലെ സ.ഉ(എം.എസ്) നം.21/2016/സാനീവ എന്നീ ഉത്തരവുകൾ പ്രകാരം ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിന്റെ 50% സർക്കാരും ശേഷിക്കുന്ന 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് ആകെ ആവശ്യമായ തുകയുടെ 50% തുകയായ 1,44,81,92,400/- രൂപ (നൂറ്റിനാല്പത്തി നാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) സാമൂഹ്യനീതി വകുപ്പിന്റെ വിഹിതമായി 30.08.2016 ലെ സ.ഉ (സാധാ) നം.409/2016/സാനീവ പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. 2016 ആഗസ്റ്റ് മാസം മുതൽ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനും 01.04.2016 മുതലുള്ള കുടിശ്ശിക തുടർന്നു മാറി നൽകുന്നതിനും സാമൂഹ്യനീതി ഡയറക്ടർ 01.09.2016 ലെ ഉത്തരവ് നമ്പർ ഐ.സി.ഡി.എസ് ബി6-5820/2016 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന്-അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 636/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,16/02/2016.**

പരാമർശം : വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ
10/02/2015 ലെ 2.3 നമ്പർ തീരുമാനം.

**ഉത്തരവ്**

വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30/09/2015 ലെ യോഗത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകുന്ന വേതനം 6600/- രൂപയിൽ നിന്നും 10000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ 1000/- രൂപ സർക്കാർ ഫണ്ടിൽ നിന്നും നൽകണമെന്നും ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. 23/12/2015 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അംഗൻവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഹെൽപ്പർമാരുടെ വേതനം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും നിശ്ചയിച്ചു. അംഗൻവാടി വർക്കർമാരുടെ വർദ്ധിപ്പിച്ച വേതനത്തിൽ 1000/- രൂപ ' സർക്കാർ നൽകണമെന്ന 30/9/2015 ലെ തീരുമാനത്തിൽ അനുകൂല ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ വർദ്ധിപ്പിച്ച് നൽകേണ്ട മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകാൻ പരാമർശം പ്രകാരം തീരുമാനിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10000/- രൂപയും 7000/- രൂപയും വർദ്ധിപ്പിക്കുമ്പോൾ ഇതിലേയ്ക്കാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നൽകണമെന്ന വ്യവസ്ഥയോടുകൂടി അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വർദ്ധനയ്ക്ക് 01/04/2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

വേതനം വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് സാമൂഹ്യ നീതി വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ,
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്(ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേയ്ക്ക്)
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ICDS/B6

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ (എം.എസ്) നം.21/2016/സാ.നീ.വ. തീയതി, തിരുവനന്തപുരം 25.02.2016

---

പരാമർശം:
1) 24.08.2015-ലെ സ.ഉ(എം.എസ്) നം.50/2015/സാ.നീ.വ. ഉത്തരവ്
2) 10.08.2015-ലെ സ.ഉ(സാധാ) നം.2469/2015/ത.സ്വ.ഭ.വ. ഉത്തരവ്
3) 30.09.2015, 23.12.2015 എന്നീ തീയതികളിലെ വികേന്ദ്രീകരണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം
4) 16.02.2016-ലെ സ.ഉ (സാധാ) നം. 636/2016/ത.സ്വ.ഭ.വ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തെ അങ്കണവാടികളിൽ ജോലി ചെയ്തു വരുന്ന വർക്കർ, ഹെൽപ്പർ എന്നിവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരുന്ന ഹോണറേറിയം താഴെ പറയും പ്രകാരമാണ്.

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| അങ്കണവാടി വർക്കർ | 3000/ | 2600/- | 5600/ |
| അങ്കണവാടി ഹെൽപ്പർ | 1500/- | 2600/ | 1100/- |

2) പരാമർശം (2) പ്രകാരം വർക്കർ / ഹെൽപ്പർമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന പ്രതിമാസ ഹോണറേറിയം 100/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3) വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3) പ്രകാരമുള്ള യോഗങ്ങളിൽ അങ്കണവാടി വർക്കർമാർക്ക് നല്കുന്ന ഹോണറേറിയം 6600/- രൂപയിൽ നിന്നും 10000/- രൂപയായും ഹെൽപ്പർമാർക്ക് നല്കുന്ന ഹോണറേറിയം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിരുന്നു. വർദ്ധിപ്പിച്ച തുകയുടെ മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നല്കാൻ 10.02.2016-ലെ വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം യഥാക്രമം 10000/- രൂപയും 7000/- രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിനാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നല്കണമെന്ന വ്യവസ്ഥയോടു കൂടി അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വർദ്ധനവിന് 01.04.2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

4) പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരാമർശം(4)ലെ ഉത്തരവിന്റെ വെളിച്ചത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം 01.04 [illegible] പ്രാബല്യത്തിൽ യഥാക്രമം 10,000/- രൂപയും 7,000/-രൂപയുമാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. ഷാജഹാൻ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ്- സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനാവശ്യമായ അധിക തുകയുടെ വകുപ്പ് വിഹിതമായ 50% അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ( സാധാ) നം. 409/2016/സാനീവ　　　　　　　　　　തീയതി, തിരുവനന്തപുരം, 30/08/2016

---

പരാമർശം : 1) 10/08/2015 ലെ സ.ഉ(സാധാ)2469/15/തസ്വഭവ

2) 16/02/2016 ലെ സ.ഉ(സാധാ)നം. 636/2016/തസ്വഭവ

3) 25/02/2016 ലെ സ.ഉ(എം. എസ്) നം. 21/2016/സാനീവ

4) സാമൂഹ്യ നീതി ഡയറക്ടറുടെ 19/08/2016 ലെ ഐസിഡിഎസ്. ബി.6/5820/16 നമ്പർ കത്ത്

## <u>ഉത്തരവ്</u>

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി നൽകിയിരുന്ന ഓണറേറിയം 100/- രൂപയിൽ നിന്നും 1000/-രൂപയായി വർദ്ധിപ്പിച്ചു നൽകിയിരുന്നു. സൂചന (3) ലെ ഉത്തരവ് പ്രകാരം അംഗൻ വാടി വർക്കർമാരുടെ ഓണറേറിയം പ്രതിമാസം 10,000/- രൂപ ആയും അംഗൻവാടി ഹെൽപ്പർമാരുടെ ഓണറേറിയം 7,000/- രൂപ ആയും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും നൽകുന്നതിന് സൂചന (2), (3) പ്രകാരം ഉത്തരവായിരുന്നെങ്കിലും ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് സൂചന (4) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അറിയിക്കുകയുണ്ടായി. അംഗൻവാടി വർക്കർമാരുടെ ഓണറേറിയം 4,400/- രൂപയും ഹെൽപ്പറുടെ ഓണറേറിയം 2,900/- രൂപ കൂടി വർദ്ധിച്ചതുപ്രകാരം തുക അനുവദിക്കുന്നതിന് അധികമായി 2,89,63,84,800/- രൂപ അധികം വരും എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% സർക്കാർ വഹിക്കുമെന്നും ശേഷിക്കുന്ന 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് ആകെ ആവശ്യമായി വരുന്ന 2,89,63,84,800/- രൂപയുടെ (ഇരുനൂറ്റി എൺപത്തി ഒൻപതു കോടി അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി എണ്ണൂറു രൂപാ മാത്രം) 50% തുകയായ 1,44,81,92,400/- രൂപ (നൂറ്റി നാൽപത്തിനാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നാനൂറ് രൂപാ മാത്രം) നടപ്പ് വർഷത്തെ '2235-02-102-55 (NP)' ശീർഷകത്തിൽ നിന്നും വകുപ്പ് വിഹിതമായി വഹിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ ഷാജഹാൻ

സെക്രട്ടറി

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (U.O No. WW2/186/2016/ Fin dated 30/08/2016, Com No. 294698)

തദ്ദേശസ്വയംഭരണ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

19

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICDS അങ്കണവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച ഹോണറേറിയം നൽകുന്നതിനാവശ്യമായ അധിക തുകയുടെ വകുപ്പ് വിഹിതമായ 50% അനുവദിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :- 30.8.2016 ലെ സ.ഉ. (സാധാ) നം. 409/16 സാനീവ

### ഉത്തരവ് നമ്പർ : ICDS.B6-5820/16 തീയതി :01.09.2016

2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയത്തിന്റെ 50% സർക്കാർ വഹിക്കണമെന്നും ശേഷിക്കുന്ന 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. പരാമർശം പ്രകാരം അങ്കണവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച ഹോണറേറിയത്തിന്റെ 50% തുകയായ 144,81,92,400/- രൂപ (നൂറ്റി നാൽപത്തി നാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-55 NP ശീർഷകത്തിൽ നിന്നും വകുപ്പുവിഹിതമായി വഹിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി പ്രവർത്തകർക്ക് വകുപ്പിൽ നിന്നും നൽകേണ്ട ഹോണറേറിയത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | കേന്ദ്രവിഹിതം | സംസ്ഥാനവിഹിതം | ആകെ | തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ട വിഹിതം |
|---|---|---|---|---|
| വർക്കർ | 3000 | 4800 | 7800 | 2200 |
| ഹെൽപ്പർ | 1500 | 4050 | 5550 | 1450 |

#### അധികരിച്ച ഹോണറേറിയത്തിന്റെ വിശദവിവരം

| വിഭാഗം | വർദ്ധനവ് (Rs.) | സാമൂഹ്യനീതി വകുപ്പ് വിഹിതം (Rs.) | തദ്ദേശസ്വയംഭരണ വകുപ്പ് വിഹിതം (Rs.) |
|---|---|---|---|
| അങ്കണവാടി വർക്കർ | 4400/- (10000-5600) | 2200/- | 2200/- |
| അങ്കണവാടി ഹെൽപ്പർ | 2900/- (7000-4100) | 1450/- | 1450/- |

TSS/-

മേൽ സാഹചര്യത്തിൽ വർദ്ധിപ്പിച്ച ഹോണറേറിയത്തിന്റെ 50% തുകയായ വകുപ്പുവിഹിതം ചുവടെ പറയുന്ന രീതിയിൽ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അനുവദിച്ചുനൽകേണ്ടതാണ്.

<u>അധികരിച്ച ഹോണറേറിയത്തിന്റെ 50% വകുപ്പുവിഹിതം</u>

അങ്കണവാടി വർക്കർ 33115x 12X 2200 = 874236000/-

അങ്കണവാടി ഹെൽപ്പർ 32986x 12X 1450 = 573956400/-

മേൽ സാഹചര്യത്തിൽ വർദ്ധിപ്പിച്ച ഹോണറേറിയത്തിന്റെ 50% തുകയായ 144,81,92,400/- രൂപ (നൂറ്റി നാൽപത്തി നാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-55 (NP) ശീർഷകത്തിൽ നിന്നും വകുപ്പു വിഹിതമായി മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 2016 ആഗസ്റ്റ് മാസം മുതൽ വർദ്ധിപ്പിച്ച ഹോണറേറിയം നൽകേണ്ടതും 1.4.2016 മുതലുള്ള കുടിശ്ശിക തുടർന്ന് മാറി നൽകേണ്ടതുമാണ്. വർദ്ധിപ്പിച്ച ഹോണറേറിയത്തിന്റെ ശേഷിക്കുന്ന 50% തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്നും അങ്കണവാടി പ്രവർത്തകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും
(പരാമർശ ഉത്തരവിന്റെ പകർപ്പ് സഹിതം)
ഒ.സി.
എസ്.എഫ്

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

TSS/-